61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 956 Participant Code: 106

വിഷയം: പുതിയ മനുഷ്യൻ

പുനർജ്ജന്മം

തരിമണലിനരുണാഭ ചാർത്തുമാ തീരത്ത്
തിരയെണ്ണിയെൻമനം ശാന്തി തേടി
കണ്ണീരിനുപ്പും ചവർപ്പും കലർന്നൊരാ
തിരമാല മണലിൽ കളം തീർത്തുപോയ്
നിനവിന്റെ കൈത്തോണിയേറി ഞാൻ
തലയറ്റ വലകളും വിഷവുണ്ട മണ്ണും താണ്ടി
നിറമറ്റു മഴവില്ലിനഴകറ്റ പൂക്കൾക്ക്
മിഴിനീരു വറ്റിയൊരു മൃതഗഗനവും
മഞ്ഞക്കുരുക്കും കഴുത്തിൽ ഞെരിച്ചു-
കൊണ്ടായിരം നാരി ജഡമൊഴുകിടുന്നു
വിടരാൻ തുടിച്ചൊരാ പിഞ്ചുപൂമൊട്ടുക-
ളേതോ കരങ്ങൾ പിഴുതകറ്റി...
വൃദ്ധഗേഹത്തിലെ വരളുന്ന വാത്സല്യ-
തീരവും തിരതല്ലി; ചകിതയായ് ഞാൻ
ചങ്ങലക്കൈവള ചാർത്തുന്ന കോലങ്ങൾ
ചടുല മെതിയടികൾക്കു തലകുനിപ്പൂ...
നിണവുണങ്ങിടാത്ത മഴുതിന്ന മാവുകൾ
പാതിമുറിഞ്ഞൊരാ പാടവരമ്പുകൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പച്ചമാംസത്തിന്നനുഗ്രഹങ്ങൾ പിന്നെ,
വിഷലിപ്തപ്രേമരസായനങ്ങൾ।
പതിയെ ഞാൻ മണലിന്റെ മാറിൽ നിന്നൊരു
പിടിയെടുത്തെന്റെ ഹൃത്തിലായ് ചേർത്തുവെച്ചു
മനതാരിൽ മൺചുരത്തിടുന്ന മാനവർ
ഒരുനാളിലീമണ്ണിലുയിരേറ്റുമോ?
ശ്വേതശലഭച്ചിറകു മുളയ്ക്കുമൊരു നാളവർ-
ക്കന്നു ഞാനോർക്കേ, തെളിഞ്ഞു കണ്ടു...
സന്ധ്യയ്ക്കു കുങ്കുമം ചാലിച്ച പൊൻചിരാതല്ല,
ബോധിയെത്തേടുന്നതാരോ?
പകൽ കരിഞ്ഞാലുമീ മരുന്നൊരാംഗിയാം സന്ധ്യ
പുതുനിലാവായി പിറന്നിടുമോ?
അലിവുള്ളിലുറയാത്ത കലികാലജർ അന്ന്
ആ പുതുനിലാവത്തുണർന്നിടുമോ?
അന്നൊരു മരുപ്പച്ച കണ്ടിടുമിടറാതെ-
യന്നൊരു മഴക്കാറ്റു വീശിയെത്തും!